**പതിനാലാം കേരള നിയമസഭ**
**പത്താം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3113** **13.03.2018-ൽ മറുപടിയ്ക്ക്**

## സബ് ആർ.ടി.ഓഫീസുകൾ ആരംഭിക്കുന്നതിനുള്ള നടപടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. സി. കൃഷ്ണൻ<br>ശ്രീ. പി. ടി. എ. റഹീം<br>ശ്രീ. വി. അബ്ദുറഹിമാൻ<br>ശ്രീ. വി. ജോയി | | ശ്രീ. എ . കെ . ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ മോട്ടോർ വാഹന വകുപ്പിന് കീഴിലുള്ള ആർ.ടി. ഓഫീസുകളുടെയും സബ് ആർ.ടി.ഒ.കളുടെയും പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; | (എ) | ട്രാൻസ്പോർട്ട് കമ്മീഷണറേറ്റിൽ എല്ലാ മാസവും ആർ.ടി.ഒ-മാരുടെ കോൺഫറൻസ് വിളിച്ചുകൂട്ടി പ്രവർത്തനം വിലയിരുത്തുന്നുണ്ട്. കൂടാതെ ട്രാൻസ്പോർട്ട് കമ്മീഷണർ നേരിട്ട് ഓഫീസുകൾ സന്ദർശിച്ചും മേഖലാ ഡി.റ്റി.സി.മാർ അവരുടെ അധികാരപരിധിയിലുള്ള ഓഫീസുകൾ സന്ദർശിച്ചും പ്രവർത്തനം വിലയിരുത്തുന്നുണ്ട്. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ആർ.ടി. ഓഫീസുകളുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനായി എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തിയതെന്ന് വ്യക്തമാക്കുമോ; | (ബി) | ആർ.ടി.ഓഫീസുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുവാൻ 16 സേവനങ്ങൾ ഓൺലൈൻ ആക്കിയിട്ടുണ്ട്. പൊതുജനങ്ങൾക്ക് നേരിട്ട് സേവനം ലഭിക്കുന്നതിനുവേണ്ടി ഫീസുകളും നികുതികളും ഇ-പേയ്മെന്റ് വഴി ഒടുക്കുന്നതിനുള്ള സംവിധാനം നിലവിലുണ്ട്. |

| | | | |
|---|---|---|---|
| (സി) | ആർ. ടി. ഓഫീസുകൾ ഇല്ലാത്ത താലൂക്കുകളിൽ സബ് ആർ.ടി.ഓഫീസുകൾ ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങളുടെ പുരോഗതി പരിശോധിച്ചിട്ടുണ്ടോ; | (സി) & (ഡി) | മോട്ടോർ വാഹന വകുപ്പിന് ഓഫീസുകൾ നിലവിലില്ലാത്ത താലൂക്കുകളിൽ സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകൾ തുടങ്ങുന്നതിനുള്ള ഗതാഗത കമ്മീഷണറുടെ ശിപാർശ പരിശോധിച്ച് ഇരിട്ടി, നന്മണ്ട, പേരാമ്പ്ര, തൃപ്രയാർ, കാട്ടാക്കട, വെള്ളരിക്കുണ്ട് എന്നീ സ്ഥലങ്ങളിൽ പുതിയ സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകൾക്ക് അനുമതി നൽകിയിട്ടുണ്ട്. ഈ ഓഫീസുകൾ പ്രവർത്തന സജ്ജമാക്കുന്നതിനുള്ള ഊർജ്ജിതമായ നടപടികൾ പുരോഗമിക്കുന്നു. |
| (ഡി) | എവിടെയെല്ലാമാണ് പുതുതായി സബ് ആർ. ടി. ഓഫീസുകൾ ആരംഭിക്കുന്നതെന്നും അവ എന്ന് പ്രവർത്തന സജ്ജമാക്കാൻ കഴിയുമെന്നും അറിയിക്കുമോ? | | |

സെക്ഷൻ ഓഫീസർ